പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4335 — 28/06/2012 ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവത്കരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ: പുരുഷൻ കടലുണ്ടി: | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടറൈസേഷനുവേണ്ടി ഏതെങ്കിലും പ്രത്യേക സോഫ്റ്റ് വെയറുകൾ തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; | (എ) | വില്ലേജ് ഓഫീസുകളിലെ സർട്ടിഫിക്കറ്റ് വിതരണത്തിനുവേണ്ടി 'ഇ-ഡിസ്ട്രിക്ട്' എന്ന സോഫ്റ്റ്വെയറും, ലാന്റ് റിക്കാർഡുകളുടെ പരിപാലനത്തിനായി "ഭൂരേഖ" "റെലിസ് കേരള" എന്നീ സോഫ്റ്റ്വെയറുകളും തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ "റെലിസ് കേരള" എന്ന സോഫ്റ്റ്വെയർ ഓൺലൈൻ പോക്കുവരവിനായി ഉപയോഗിക്കുന്നു. |
| (ബി) | എത്ര വില്ലേജുകളിൽ ഈ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 'ഇ-ഡിസ്ട്രിക്ട്' എന്ന സോഫ്റ്റ് വെയർ 271 വില്ലേജുകളിലും "ഭൂരേഖ" എന്ന സോഫ്റ്റ്വെയർ 573 വില്ലേജുകളിലും "റെലിസ്" എന്ന സോഫ്റ്റ്വെയർ 17 വില്ലേജുകളിലും ഉപയോഗിക്കുന്നു. |
| (സി) | എത്ര വില്ലേജുകളിൽ ഇപ്പോൾ കമ്പ്യൂട്ടർ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | 982 വില്ലേജുകളിൽ കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി) | കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിന് വില്ലേജ് ഓഫീസ് ജീവനക്കാരിൽ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഡി) | 1266 വില്ലേജ് ഓഫീസ് ജീവനക്കാർക്ക് കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിന് പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ